# പതിമൂന്നാം കേരള നിയമസഭ
# ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3492 — 18-02-2013-ൽ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. സി. ദിവാകരൻ | **ശ്രീ. എം.കെ. മുനീർ,** പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| എ) കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | എ) കേരളത്തിലെ 978 ഗ്രാമ പഞ്ചായത്തുകൾക്കായി 776 അസിസ്റ്റന്റ് എഞ്ചിനീയർമാരാണ് ഉള്ളത്. ഇതിൽ 574 ഗ്രാമ പഞ്ചായത്തുകൾക്ക് ഒരു പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ വീതവും ബാക്കി 404 പഞ്ചായത്തുകൾക്ക് (2 പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ എന്ന തോതിൽ) 202 അസിസ്റ്റന്റ് എഞ്ചിനീയർമാരും ആണ് ഉള്ളത്. |
| ബി) ഗ്രാമപഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ എത്രയാണ്; | ബി) 4 എണ്ണം |
| സി) പ്രസ്തുത തസ്തികകളിൽ പി.എസ്.സി നിയമനം നടത്തുന്നതിനുള്ള തടസ്സം എന്താണ്; | സി) പി.എസ്.സ്.യിൽ നിന്ന് നിയമന ശുപാർശ ലഭിക്കുന്നതിനുള്ള കാലതാമസം, നിയമന ശുപാർശ ലഭിക്കുന്നവരിൽ എല്ലാ പേരും ജോയിൻ ചെയ്യാതിരിക്കുക, വികലാംഗർക്കായി മാറ്റിവച്ചിട്ടുള്ള 26 തസ്തികകളിൽ നിയമന ശുപാർശ ലഭിക്കാതിരിക്കുക, ഡിപ്പാർട്ടുമെന്റ് ക്വാട്ടയിലെ 19 ഒഴിവുകളിലേക്ക് നിയമന ശുപാർശ ലഭിക്കാതിരിക്കുക എന്നിവയാണ് കാരണങ്ങൾ. |
| ഡി) ഗ്രാമപഞ്ചായത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന് ക്ലറിക്കൽ തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | ഡി) അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**